*RJ-4870/2023*

തീയതി *14.07.2023*

# ഗുരുവായൂർ ദേവസ്വം വിജ്ഞാപനം

ഗുരുവായൂർ ക്ഷേത്രത്തിൽ *01.10.2023* മുതൽ താഴെ കാണിച്ച തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിന് നിർദ്ദിഷ്ട യോഗ്യതകളുള്ള ഈശ്വരവിശ്വാസികളായ ഹിന്ദുക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

*1.* ക്ഷേത്രം സെക്യൂരിറ്റി ഓഫീസർമാർ

നിയമന കാലാവധി *01.10.2023* മുതൽ *30.09.2024* കൂടിയ *1* വർഷം

*(1)* ചീഫ് സെക്യൂരിറ്റി ഓഫീസർ (ഒഴിവ് - *1*) പ്രതിമാസ മൊത്തവേതനം *Rs.27,300/-*

*(2)* അഡീഷണൽ ചീഫ്സെക്യൂരിറ്റി ഓഫീസർ (ഒഴിവ്- *1*) പ്രതിമാസ മൊത്തവേതനം *Rs.24,000/-*

*(3)* സെക്യൂരിറ്റി ഓഫീസർ(ഒഴിവ് - *1*) പ്രതിമാസ മൊത്ത വേതനം *Rs.23,000/-*

*(4)* അഡീഷണൽ സെക്യൂരിറ്റി ഓഫീസർ (ഒഴിവ് - *3*) പ്രതിമാസ മൊത്ത വേതനം *Rs.22,000/-*

പ്രായം - *01.01.2023* ന് *40* വയസ്സ് തികഞ്ഞവരും *60* വയസ്സ് കവിയാത്തവരും ആയിരിക്കണം. യോഗ്യതകൾ - ചീഫ് സെക്യൂരിറ്റി ഓഫീസർ, അഡീഷണൽ ചീഫ് സെക്യൂരിറ്റി ഓഫീസർ തസ്തികകൾക്ക് ജൂനിയർ കമ്മീഷൻഡ് ഓഫീസർ റാങ്കിലോ അതിൽ കുറയാത്ത തസ്തികയിലോ നിന്ന് വിരമിച്ചവരും, സെക്യൂരിറ്റി ഓഫീസർ, അഡീഷണൽ സെക്യൂരിറ്റി ഓഫീസർ തസ്തികകൾക്ക് ഹവിൽദാർ റാങ്കിൽ കുറയാത്ത തസ്തികയിൽ നിന്നും വിരമിച്ച വിമുക്തഭടന്മാരുമായിരിക്കണം. സൈനിക സേവനം തെളിയിക്കുന്ന സർട്ടിഫിക്കറ്റും മെഡിക്കൽ ഫിറ്റ്നസിന് അസി. സർജനിൽ കുറയാത്ത ഒരു ഗവ.ഡോക്ടറുടെ സർട്ടിഫിക്കറ്റും നിർബന്ധമായും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഓരോ തസ്തികയ്ക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

*2.* കോയ്മ

നിയമന കാലാവധി *01.10.2023* മുതൽ *30.09.2024* കൂടിയ *1* വർഷം

ഒഴിവ് *-12* പ്രായം - *01.01.2023* ന് *40* വയസ്സ് തികഞ്ഞവരും *55* വയസ്സ് കവിയാത്തവരും ആയിരിക്കണം. യോഗ്യതകൾ - ബ്രാഹ്മണരായ പുരുഷന്മാരും ക്ഷേത്രാചാരാനുഷ്ഠാനങ്ങളിൽ അറിവും വിശ്വാസവുമുള്ളവരായിരിക്കണം. മലയാളം എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം. അരോഗദൃഢഗാത്രരും അംഗവൈകല്യമില്ലാത്തവരും നല്ല കാഴ്ചശക്തിയുള്ളവരുമായിരിക്കണം. നിലവിലുള്ള കോയ്മമാരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

അപേക്ഷാഫോറം ദേവസ്വം ഓഫീസിൽ നിന്ന് *Rs.100/-* നിരക്കിൽ **18.07.2023** മുതൽ ***05.08.2023*** കൂടി ***3.00 pm*** വരെ ലഭിക്കുന്നതാണ്. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഒപ്പു വെയ്ക്കുന്ന ഡോക്ടറുടെ യോഗ്യത, രജി.നമ്പർ, സർട്ടിഫിക്കറ്റ് ഒപ്പു വെച്ച തീയതി എന്നിവ വ്യക്തമല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതായിരിക്കും. ക്രമനമ്പർ *(1)* വിഭാഗത്തിലെ അപേക്ഷകരായ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച ജാതി തെളിയിക്കുന്ന രേഖയുടെ പകർപ്പ് ഹാജരാക്കിയാൽ അപേക്ഷാഫോറം സൗജന്യമായി നൽകുന്നതാണ്. അപേക്ഷാഫോറം തപാൽ മാർഗ്ഗം അയയ്ക്കുന്നതല്ല. വയസ്സ്, യോഗ്യതകൾ, ജാതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതമുള്ള അപേക്ഷ ദേവസ്വം ഓഫീസിൽ നേരിട്ടോ, അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ-*680101* എന്ന മേൽവിലാസത്തിൽ തപാലിലോ **08.08.2023** ന് വൈകുന്നേരം *5.00* മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.

ദേവസ്വത്തിൽ നിന്നും നൽകുന്ന നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതും മതിയായ രേഖകളില്ലാത്തതും അപൂർണ്ണവും അവ്യക്തവുമായതും യഥാസ്ഥാനത്ത് ഫോട്ടോ പതിക്കാത്തതും അതത് തസ്തികകളിലേക്ക് ആവശ്യമായ യോഗ്യതകൾ ഇല്ലാത്തതും നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും. ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. വിശദവിവരങ്ങൾ ഗുരുവായൂർ ദേവസ്വം ഓഫീസിൽ നിന്ന് നേരിലോ *0487-2556335* എന്ന നമ്പറിൽ ടെലിഫോൺ വഴിയോ അറിയാവുന്നതാണ്.

ഒപ്പ്
അഡ്മിനിസ്ട്രേറ്റർ

ഉത്തരവിൻപ്രകാരം

15/7/23

മാനേജർ

സ്വീകർത്താവ് - *All Notice Board*

*AM(Tapal)* – അപേക്ഷ ഫോറം വിതരണം നിർവ്വഹിക്കേണ്ടതാണ്.

പകർപ്പ് - *Administrator's table* *DA(A,T)* *AM(Tapal, O)*

*Office Reception* *DSA – for publishing in website* *File*